**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **15-10-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്നുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കയർ മേഖലയിലെ പുതിയ ഡിസൈനുകളും ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്നുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ , കൂടുതൽ ആകർഷകമായതും വിദേശ വിപണിക്കനുസൃതവുമായ ഡിസൈനുകളിലുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ ഐ .ഡി ഡിസൈൻ ചെയ്ത് കമ്പനി നിർമ്മിച്ച ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണിയിൽ കൂടുതൽ ഡിമാൻഡ് ഉണ്ട്. കൂടാതെ മാർക്കറ്റിൽ ഡിമാൻഡുള്ള പുതിയ പ്രോഡക്റ്റുകൾ ഡിസൈൻ ചെയ്ത് അവ നിർമ്മിക്കുന്നതിനുള്ള ട്രെയിനിംഗും നിലവിൽ നൽകിവരുന്നുണ്ട് . |
| (ബി) | കയർ വ്യവസായത്തിന്റെ കരവിരുതിനും വൈവിധ്യത്തിനും ഊന്നൽ നൽകി കയർ കേരള ബ്രാൻഡ് ചെയ്യുന്നതിന് അമ്പലപ്പുഴയിലെ കയർ മ്യൂസിയങ്ങൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിവരം ലഭ്യമാക്കാമോ; | (ബി) | മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡിന് ആണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണ ചുമതല. ടൂറിസം വകുപ്പും കിഫ്ബിയും സംയുക്തമായി പദ്ധതി അവലോകനം ചെയ്തു വരുന്നു. കയർ കോർപ്പറേഷനും കയർഫെഡും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളും കയർ മ്യൂസിയത്തിന്റെ പ്രവർത്തനത്തിൽ പങ്കാളികളാണ്. മ്യൂസിയത്തിന്റെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കയർ ഭൂവസ്ത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ വഴി ആകെ 189 ലക്ഷം ചതുരശ്രമീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തരവിപണിയുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതരണവും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭൂവസ്ത്രവിതരണം |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിൻെറ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിൻെറ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു.<br><br>ഇതിനോടൊപ്പം തന്നെ കേരളത്തിലെ വിവിധ സർവ്വകലാശാലകൾ , സോയിൽ കൺസർവേഷൻ വകുപ്പ് , കെ .എസ് .ഇ .ബി, മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മണ്ണ്, ജല സംരക്ഷണ പ്രവർത്തികൾ ഭൂവസ്ത്രം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ 24,25,26 തീയതികളിലായി ആലപ്പുഴയിൽ വച്ച് സംഘടിപ്പിച്ചു . ഇതിൻെറ ഭാഗമായി ഒഡീഷയിലെ ഒരു അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി കയർ ഭൂവസ്ത്രം ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ധാരണയാകുകയും 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട് 2024 മാർച്ച് മാസം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഒഡീഷ സർക്കാരിൻെറ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിംഗ് കോർപ്പറേഷന്റെ ഏകദേശം 6 ഹെക്ടർ വിസ്തീർണ്ണമുള്ള മൈനുകളിൽ ഭൂവസ്ത്രം വിതാനം ചെയ്യുന്നതിനുള്ള ഓർഡർ കയർ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ